പത്രക്കുറിപ്പ്

# ബസ്സ് കണ്ടക്ടറെ മർദ്ദിച്ച പ്രതി പിടിയിൽ

തിരുവനന്തപുരം:- വിഴിഞ്ഞത്ത് കെ.എസ്.ആർ.ടി.സി ബസ്സിലെ കണ്ടക്ടറെ മർദ്ദിച്ച് ഡ്യൂട്ടിയ്ക്ക് തടസ്സം വരുത്തിയ പ്രതിയെ പോലീസ് പിടികൂടിയതായി തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു. വിഴിഞ്ഞം ചൊവ്വര സുന്ദരവിലാസത്തിൽ രാജ് മോഹൻ (33)-നെയാണ് വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്തത്.

തിങ്കളാഴ്ച രാവിലെ 8 മണിയ്ക്കാണ് പൂവാർ-വിഴിഞ്ഞം- തിരുവനന്തപുരം റൂട്ടിലെ ബസ്സ് കണ്ടക്ടറായ നേമം സ്വദേശി അനിൽകുമാറിന് ബസ്സിൽ വച്ച് മർദ്ദനമേറ്റത്. യാത്രക്കാരനായ പ്രതി ടിക്കറ്റ് എടുക്കാൻ 500/- രൂപ കൊടുത്തപ്പോൾ ചില്ലറ ഇല്ലാത്തതിനാൽ ബാക്കി പിന്നെ കൊടുക്കാമെന്ന് പറഞ്ഞതിന് കണ്ടക്ടറുമായി വഴക്ക് ഉണ്ടാക്കുകയും തുടർന്ന് മുഖത്ത് ഇടിച്ച് പരിക്കേൽപ്പിക്കുകയുമായിരുന്നു. സംഭവം അറിഞ്ഞ് സ്ഥലത്തെത്തിയ പോലീസിനെ കണ്ട് ഓടി രക്ഷപ്പെടാൻ ശ്രമിച്ച പ്രതിയെ പോലീസ് പിൻതുടർന്ന് പിടികൂടുകയായിരുന്നു. വിഴിഞ്ഞം എസ്.എച്ച്.ഒ രമേശ്, എസ്.ഐ-മാരായ രാജേഷ്, ബാലകൃഷ്ണൻ ആചാരി എന്നിവരുടെ നേതൃത്വത്തിലുള്ള പോലീസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.



വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്ത
രാജ് മോഹൻ (33)

# കോവിഡ്-19 സുരക്ഷാ പരിശോധന ശക്തമായി തുടരുന്നു

## വിലക്ക് ലംഘനം: 837 പേർക്കെതിരെ നിയമനടപടി 2,58,500/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- കോവിഡ് രോഗവ്യപാനം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ സുരക്ഷാ പരിശോധന പോലീസ് ശക്തമായി തുടരുന്നു. ഡെപ്യൂട്ടി പോലീസ് കമ്മീഷണർ ഡോ.വൈഭവ് സക്സേനയുടെ നേതൃത്വത്തിൽ തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (20-04-2021) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 837 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 318 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 517 പേരിൽ നിന്നും 2,58,500/- രൂപ പിഴ ഈടാക്കി. കൂടാതെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 2 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു. ശരിയായ രീതിയിൽ സുരക്ഷാ മുൻകരുതൽ എടുക്കാത്ത 4379 പേർക്ക് താക്കീത് നൽകി വിട്ടയച്ചിട്ടുള്ളതുമാണ്.

തിരുവനന്തപുരം സിറ്റി

20-04-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി